# INTRODUCTION

കർത്താവിൽ പ്രീയരെ !

'വചനത്തിലെ വനിതകൾ' എന്ന പഠന പരമ്പര 'bible study.co.in'ൽ ആരംഭിപ്പാൻ കൃപ ചെയ്ത ദൈവത്തിന് നന്ദി.

ആരംഭം കുറിക്കുംമുമ്പ് ചില വേദവചനങ്ങൾ ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

"................ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ ....................ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു."

ഉല്പ: (1:27)

"മിര്യാം എന്ന പ്രവാചകി തപ്പ് എടുത്തു, സ്ത്രീകൾ എല്ലാവരും ............ പുറ:(15:20)

"..........ശൂരൻ പട്ടണം ആർത്ത് സന്തോഷിച്ചു..............ആനന്ദവും ബഹുമാനവും ഉണ്ടായി" എസ്ഥേർ(8:16)

"..........ഞാൻ സ്ത്രീയോട് പറഞ്ഞതൊക്കെയും അവൾ സൂക്ഷിക്കട്ടെ" --- ന്യായാ:(13:13)

Read യോഹ:4:30,31 കൂടാതെ (39-41)

ഈ വാക്യങ്ങൾ ശ്രദ്ധിച്ചാൽ, സൃഷ്ടിപ്പിൽ ദൈവം സ്ത്രീയ്ക്കും, പുരുഷനും തുല്യത നൽകിയതായി കാണാം. കൂടാതെ ശത്രുവിൽ നിന്ന് രക്ഷിച്ചതിന് നന്ദികരേറ്റുന്ന ആരാധനയ്ക്ക് നേതൃത്വം നൽകുന്ന മിര്യാം എന്ന സഹോദരിയെ പിന്നീട് കാണുന്നു.

ഒരു സമൂഹത്തിനു വേണ്ടി ഇടിവിൽ നില്ക്കുവാൻ, കർത്താവിന്റെ പാദപീഠത്തിലിരുന്ന് പഠിയ്ക്കുവാനുംപ്രാർത്ഥിപ്പാനും സ്ത്രീകൾ പുരുഷൻമാരേക്കാൾ വേഗത്തിൽ സമയം കണ്ടെത്തുന്നു. യേശു പുരുഷൻമാരെ മാത്രമല്ല സ്ത്രീകളേയും തന്റെ ശിഷ്യരാക്കിയിരുന്നു.

സാമർത്ഥ്യമുള്ള ഭാര്യമാരായും , സഹോദരിമാരായും , അമ്മമാരായും കർമ്മ പഥങ്ങളിൽ മുന്നേറുവാൻ ഈ വചന പഠനം സഹായിക്കട്ടെ. പ്രാർത്ഥിപ്പാനും , പ്രവർത്തിപ്പാനും , പ്രയോജനമുള്ള വ്യക്തികളായി പ്രതിഫലം വാങ്ങുവാനും ഈ പരമ്പര നിങ്ങളെ സഹായിക്കട്ടെ. മലയാളഭാഷയിൽ തന്നെ ഈ പഠനം വേണമെന്നാവശ്യപ്പെട്ടതിന് നന്ദി. ഇത് പൂർത്തിയാക്കുവാൻ ദൈവകൃപയ്ക്കായി നിങ്ങളും പ്രാർത്ഥിക്കുമല്ലോ

എന്ന്,

കർത്താവിൽ നിങ്ങളുടെ സഹോദരി

Santhamma Varghese
(For bible study Team)

# Great Women of the Bible

## (വചനത്തിലെ വനിതകൾ)



### 1. ഹവ്വ (Eve)

സകല ജാതി മതസ്ഥരുടെയും ആദിമ മാതാവാണ്, പുരുഷന്റെ വാരിയെല്ലിനെ സ്ത്രീയാക്കി മാറ്റിയ വിശ്വ സുന്ദരിയായ ഹവ്വ. (ഉല്പ:2:22) മൂന്ന് പേരുകളാൽ ഇവളെ വിളിക്കുന്നതായി കാണാം.

1. നരനിൽ നിന്നും എടുത്തതിനാൽ ഇവൾ നാരി (സ്ത്രീ) എന്ന് മനുഷ്യൻ പറഞ്ഞു.---ഉല്പ:(2:23)

2. അവൾ ജീവനുള്ളവർക്കെല്ലാം മാതാവ് എന്ന് പറഞ്ഞ് 'ഹവ്വാ' എന്ന് മനുഷ്യൻ തന്റെ ഭാര്യയ്ക്ക് പേരിട്ടു--ഉല്പ:(3:20)

3. ദൈവം തന്റെ സ്വരൂപത്തിൽ ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചപ്പോൾ അവരെ അനുഗ്രഹിക്കുകയും 'ആദാ'മെന്ന് പേരിടുകയും ചെയ്തു.--- ഉല്പ:(5:2)

മണ്ണിനാൽ ദൈവം സൃഷ്ടിച്ച മനുഷ്യൻ താൻ വെറും മണ്ണാണെന്നും മണ്ണിനോട് തിരികെ ചേർന്നേ മതിയാകൂ എന്ന് ചിന്തിച്ചാൽ താഴ്മയോടെ ലോകത്തിൽ ജീവിപ്പാൻ കഴിയും.

### മറ്റ് സ്ത്രീകളിൽ നിന്നും ഹവ്വയ്ക്കുള്ള പ്രത്യേകതകൾ

ഒരു സ്ത്രീയിൽ നിന്നും ജനിച്ചവളല്ലായ്കയാൽ ബാല്യം, ശൈശവം ഇവ അവൾക്കില്ലായിരുന്നു.

2. ദൈവ കരത്താൽ സൃഷ്ടിക്കപ്പെട്ട അതി സുന്ദരിയായ ഭാഗ്യവതി. (ഉല്പ:1:27)

3. ദൈവവചനത്തിലെ ആദ്യ കുടുംബം. സന്താനപുഷ്ടിയുള്ളവരായി നിറയുവാൻ ദൈവം അനുഗ്രഹിച്ച ആദ്യകുടുംബത്തിലെ സ്ത്രീ. --ഉല്പ:(1:28)

4. സകല ഭൂചരജന്തുക്കളെയും, സമുദ്രത്തിലെ മത്സ്യങ്ങളെയും ആകാശത്തിലെ പറവജാതികളെയും അടക്കി വാഴുവാൻ ദൈവ കല്പന ലഭിച്ച ആദ്യ സ്ത്രീ --- ഉല്പ:(1:29)

5. വിത്തുള്ള ഫലങ്ങളെയും , വിത്തുള്ള സസ്യങ്ങളെയും ആഹാരമായി ദൈവം ഒരുക്കി നൽകിയ സ്ത്രീ. ---ഉല്പ:(1:30)

6. ദൈവം ഒരുക്കിയ പാർപ്പിടത്തിൽ വസിപ്പാൻ ഭാഗ്യം ലഭിച്ചവൾ----
ഉല്പ:(2:15)

7. ആദ്യപാപി - നിഷ്പാപയുഗത്തിൽ സൃഷ്ടിക്കപ്പെട്ടവൾ പാപിയായി മാറി പിശാചിന്റെ രൂപമായ പാമ്പിന്റെ ശബ്ദം കേട്ട് നിന്ന്, മറുപടി പറഞ്ഞതാണ് ഈ പേരിന് കാരണമായ പാപം ചെയ്യുവാനിടയായത് -- ഉല്പ (2:16) (3:3)

8. ആദ്യശാപം ഏറ്റുവാങ്ങിയവളായി ഹവ്വ മാറി -- ഉല്പ (3:16)
(ഹവ്വയുടെ ശാപത്തിന്റെ കാരണങ്ങൾ ഇന്നും നിലവിലുണ്ട് അതിനാൽ ഇന്നുളള മനുഷ്യർ ഉല്പത്തി (3:6) ലുള്ള 3 കാര്യങ്ങൾ ശ്രദ്ധിച്ച് ജീവിതത്തിൽ പ്രാവർത്തികമാക്കുക.

a. തിന്മാൻ നല്ലത് - ജഢമോഹം

b. കാണ്മാൻ ഭംഗിയുള്ളത് - കൺമോഹം

c. ജ്ഞാനം പ്രാപിപ്പാൻ കാമ്യം - ജീവനത്തിന്റ പ്രതാപം

[Read (1യോഹ : 2:15-17)]

9. ആദ്യമായി പ്രസവവേദന അനുഭവിച്ച സ്ത്രീ.-- ഉല്പ: (4:1)

10. ആദ്യ രക്തസാക്ഷിയുടെയും, ആദ്യകൊലപാതകിയുടെയും അമ്മ - ഉല്പ (4:8) ദീർഘനാൾ ജീവിച്ചിരുന്ന് ചെയ്ത പാപത്തിന്റെ ഫലം അനുഭവിച്ചു.

11. കുരിശിന്റെ ആദ്യ പ്രവചനം ലഭിച്ചവൾ - ഉല്പ (3:15) (ഒരു സ്ത്രീ മുഖാന്തരം പാപം ലോകത്തിൽ വന്നതുപോലെ മറ്റൊരു സ്ത്രീയുടെ സന്തതി പാപത്തിന് പരിഹാരവുമായി)

12. ന്യായാധിപന്റെ ചോദ്യം അഭിമുഖികരിച്ച ആദ്യസ്ത്രീ - ഉല്പ (3:13)

13. നാണം തോന്നാത്ത അവസ്ഥയും തോന്നുന്ന അവസ്ഥയും തോന്നുന്ന അവസ്ഥയും അറിഞ്ഞവൾ --ഉല്പ:(2:28),(3:10)

## വിലക്കിയ കനി തിന്നവൾ നഷ്ടമാക്കിയ അനുഗ്രഹങ്ങൾ

**a.** ഏദൻ പറുദീസ എന്ന ദൈവം നൽകിയ വാസസ്ഥലം നഷ്ടമാക്കി --ഉല്പ:(3:24)

b.സകലത്തേയും അടക്കി വാഴുവാനുള്ള അധികാരം നഷ്ടമായി.

c.ആത്മീക ജീവൻ നഷ്ടപ്പെട്ട് മരണാവസ്ഥയിലായി .

d. ശാപം ഏറ്റുവാങ്ങി നരകത്തിന് ഓഹരിക്കാരിയായി.

e. സ്വർഗ്ഗീയ സ്നേഹം നഷ്ടമാക്കി, ലോകസ്നേഹത്തിന് കീഴ്പ്പെട്ടു.

തോട്ടത്തിന്റെ കാവൽ ഏല്പിച്ചപ്പോൾ (ഉല്പ:2:15) അതിനെ കാക്കേണ്ടയാൾ തന്റെ ജോലിയിൽ വരുത്തിയ വീഴ്ചയാണ്

സാത്താൻ അകത്തു കയറുവാൻ കാരണമായത്. വിലക്കിയ കനിയുമായി വന്ന ഭാര്യയെ ദൈവത്തിന്റെ വാക്കുകൾ ഓർമ്മപ്പെടുത്തിയിരുന്നെങ്കിൽ സ്വർഗ്ഗീയ അനുഗ്രഹങ്ങൾ നഷ്ടമാകുകയില്ലായിരുന്നു. പ്രീയ സഹോദരങ്ങളെ പരസ്പരം പഴിചാരി കുടുംബസമാധാനം നഷ്ടമാക്കുന്നവരാകാതെ പരസ്പരം തിരുത്തി , അനുസരിച്ച് പ്രാർത്ഥനയോടെ ജീവിച്ചാൽ സകല സ്വർഗ്ഗീയ നന്മകളാലും നാം അനുഗ്രഹിക്കപ്പെട്ടവരാകും.

Santhamma Varghese

# 2. Sarah (സാറാ)



ജനനത്തിനു മുമ്പ് ശിശുവിന് പേര് എന്തു നൽകണമെന്ന് മുന്നറിയിപ്പ് നൽകിയ സംഭവവും,ജനനാനന്തരം പേരുമാറ്റിയവരേയും വചനത്തിൽ കാണാം . പ്രത്യേകമായ ഒരു ഉദ്ദേശ്യത്തോടെയാണ് ദൈവം ഒരു കാര്യം ചെയ്യുന്നത്. ദൈവം പേരുമാറ്റിയ ആദ്യത്തെ രണ്ടു വ്യക്തികളാണ് അബ്രാമും സാറായിയും, സാറായി എന്ന വാക്കിന് രാജകുമാരി എന്ന് അർത്ഥമുണ്ട്. പുറജാതിക്കാരനായ അബ്രാമിനെ വിളിച്ച് ദൈവം വേർതിരിച്ചപ്പോഴാണ് അവൻ എബ്രായനായത്. അങ്ങനെ അന്യവിഗ്രഹങ്ങളെ ആരാധിച്ചവന് എബ്രായൻ എന്ന പദവി ലഭിച്ചു. (ഉല്പ:14:13)

## സാറായുടെ പ്രത്യേകതകൾ

1. ആദ്യ എബ്രായ വനിത—ദൈവവിളിയാൽ എബ്രായനായവനോടൊപ്പം , വിളിക്കാതെ വന്ന അവന്റെ സഹോദരിയായ ഭാര്യയെ ദൈവം മാനിച്ചതിനാൽ അവൾ എബ്രായ വനിതയായി.

2. ഫറവോന്റെ ദേശത്തെത്തിയപ്പോൾ സ്വയരക്ഷയ്ക്ക് 'സഹോദരി' എന്ന് പറയുവാൻ ഭർത്താവ് ആവശ്യപ്പെട്ടപ്പോൾ അന്ധമായി അനുസരിച്ച ഭാര്യ.

(ഹാരാനിൽ നിന്ന് പുറപ്പെട്ടതു ശരി തന്നെ, പക്ഷേ താമസം ബെഥേലിനും ഹായിയക്കും നടുവിലത്രേ.ഉല്പ:(12:8)
ബെഥേൽ ജയത്തേയും ,ഹായ് പരാജയത്തേയും കാണിക്കുന്നു.)

3.ദൈവം വിളിക്കും മുമ്പേ സാറാ മച്ചി ആയിരുന്നു ഉല്പ:(11:30)
വചനത്തിൽ 'മച്ചി' യെന്ന് ആദ്യം രേഖപ്പെടുത്തപ്പെട്ട സ്ത്രീ.

4. ബുദ്ധിയും വിവേകവുമില്ലാത്ത സുന്ദരി

('സഹോദരി' എന്ന് പറഞ്ഞയച്ച ഭാര്യയെ ഫറവോന്റെ കൊട്ടാരത്തിലേക്കയച്ചാൽ വരുന്ന അപകടത്തെപ്പറ്റി ഓർക്കാതെ , തനിക്കു ലഭിക്കുവാൻ പോന്ന നന്മകളെ മാത്രം ഓർത്ത ഭർത്താവിനെ തിരുത്താൻ കഴിവില്ലാത്ത സ്ത്രീയാണ് സാറായി. എന്നാൽ അവരെ ഓർത്ത ദൈവം രക്ഷിച്ചു. ഉല്പ:(12:17)

വിളിയില്ലാതെ വന്നവൾ , ഫറവോന്റെ സമ്മാനമായ മൃഗസമ്പ ത്തിനെയും ദാസി ദാസൻമാരെകൂടെക്കൂട്ടി. വേർപാടില്ലാത്തവരെ ജീവിത യാത്രയിൽ കൂടെകൂട്ടരുത്. )

5. ദൈവീക പദ്ധതിയെ തകിടം മറിക്കുന്ന സാത്താന്യ ചിന്തകൾ ഉട ലെടുത്തത് ഈ സുന്ദരിയിലത്രെ. വാഗ്ദത്ത സന്തതിയെ ലഭിക്കയില്ല എന്ന് സ്വയം നിശ്ചയിച്ച് , അവളുടെ തീരുമാനം മറ്റുള്ളവരിൽ അടി ച്ചേൽപ്പിച്ചവൾ --ഉല്പ:(16:2)

6. ക്ഷമയില്ലാത്ത അവളുടെ സ്വഭാവം മൂലം വാഗ്ദത്തം നൽകിയ ദൈവത്തെ രണ്ടുപേരും മറന്നു. ഹാഗാറിന്റെ സമ്മതവും അവർക്കാ വശ്യമില്ലായിരുന്നു. ---ഉല്പ:(16:3,4)

7. അസൂയാലുവായ ഈ സുന്ദരി ഏതു പ്രശ്നത്തിനും മറ്റുള്ളവരെ പഴിചാരുന്ന പ്രകൃതവും അവൾക്കുണ്ടായിരുന്നു. --ഉല്പ:(16:4,5)

8. സാറായി എന്ന അവളുടെ പേർ ദൈവം സാറാ എന്നാക്കി --ഉല്പ:(17:15-16).

9.സാറാ സൽക്കാരപ്രീയ ആയിരുന്നു.--ഉല്പ:(18:1-18)

10. ഭർത്താവിനെ പേരുവിളിക്കുന്ന ഇന്നത്തെ സമൂഹത്തിന് മാതൃക യായ സ്ത്രീ. അവൾ തന്റെ ഭർത്താവിനെ വിളിച്ചിരുന്നത് 'യജമാ നൻ' എന്നായിരുന്നു.

11. ആയുർ ദൈർഘ്യം രേഖപ്പെടുത്തിയ സ്ത്രീ --ഉല്പത്തി(23:1)

മീതെയുള്ള യെരുശലേം സ്വതന്ത്രയാകുന്നു, അവൾ തന്നെ നമ്മുടെ അമ്മ. അതാണ് സാറാ.അതേ നാം സ്വതന്ത്രയുടെ മക്ക ളത്രേ ഗലാ:(4:26,31)പൂർണ്ണ വാർദ്ധക്യത്തിൽ , വാഗ്ദത്ത സന്തതി യുടെ മാതാവായി മരിച്ചത് ഹെബ്രോനിൽ വച്ചായിരുന്നു. അവളെ അടക്കം ചെയ്യുവാനായി ഹിത്യരോട് മാക്പേല നിലവും അതിലെ ഗുഹയും അബ്രഹാം വിലയ്ക്കുവാങ്ങി. അവർ അത് ശ്മശാനാവ കാശമായി അബ്രഹാമിന് നൽകി.

Read- ഉല്പ- 23

# 3. Rebekah (റിബേക്ക)



പഴയനിയമ കാലത്തുള്ളവരിൽ ഏകപുരുഷന്റെ ഏകഭാര്യാ പദവി ലഭിച്ച ഭാഗ്യവതിയാണ് റിബേക്ക. അബ്രഹാം തന്റെ മകനായ യിസഹാക്കിന് ഒരു ഭാര്യയെ കണ്ടെത്തുവാൻ ചാർച്ചക്കാരുടെ അടുക്കലേക്ക് അയച്ചത് തന്റെ വീട്ടിൽ മൂപ്പനും , തനിക്കുള്ളതിനൊക്കെയും വിചാരകനുമായ ദാസനെ ആയിരുന്നു.സ്വർഗ്ഗത്തിനും ഭൂമിയ്ക്കും ദൈവമായ യഹോവയുടെ നാമത്തിൽ സത്യം ചെയ്യിച്ചാണ് ദാസനെ അയച്ചത്.

ദാസൻ കണ്ടെത്തിയ ഈ പെൺകുട്ടിയുടെ പ്രത്യേകതകൾ

1. അദ്ധ്വാനശീലയായ പെൺകുട്ടി-- ഉല്പ:(24:15)

2. കളങ്കിതമല്ലാത്ത ശരീരത്തിനുടമയായ അതിസുന്ദരി --ഉല്പ:(24:16)

3.മറ്റുള്ളവരുടെ ആവശ്യം അറിഞ്ഞ് സഹായിക്കുന്നവൾ
-ഉല്പ:(24:17-20)

4. യജമാനന്റെ മകനുവേണ്ടിയുള്ള പെൺകുട്ടിയെ ദാസൻ നിശ്ചയിച്ചതിനടയാളമായ പൊൻവളകളും ,മുക്കൂത്തിയും സമ്മാനമായി ലഭിച്ചവൾ ആയിരുന്നു റിബേക്ക.

ഉല്പ:(24:32),സദൃ:(25:12)

(വിവാഹ നിശ്ചയ സമയത്ത് ചിലർ ഇന്ന് മോതിരം കൈമാറുന്നതുപോലെ)

5. ആദിത്യ മര്യാദ അറിയാവുന്ന ഈ പെൺകുട്ടി പൊങ്ങച്ചമോ, ഇല്ലായ്മയോ പറയാതെ ഉള്ളത് ഉള്ളതുപോലെ പറയുന്നവളും ,പറഞ്ഞത് ചെയ്യുന്നവളുമായിരുന്നു. --ഉല്പ:24:25)

6. താൻ കണ്ടുമുട്ടിയ ആളെപ്പറ്റിയും തനിക്കു ലഭിച്ച സമ്മാനങ്ങളെപ്പറ്റിയും വ്യക്തമായി , സത്യസന്ധമായി വീട്ടുകാരെ അറിയിച്ചു. താൻ കണ്ടുമുട്ടിയ ആൾ തന്നോട് പറഞ്ഞ കാര്യങ്ങളും , താൻ അദ്ദേഹത്തെ സഹായിച്ചതും അവൾ മറച്ചു വച്ചില്ല.

(ഇന്നത്തെ യുവതലമുറയ്ക്ക് നല്ല മാതൃകയാണിവൾ . കുഞ്ഞുങ്ങളേ ! സ്വയം എന്ന ചിന്തയുപേക്ഷിക്കുക. ദൈവത്തോടും , മാതാപിതാക്കളോടും ഒന്നും മറയ്ക്കരുത് . ദൈവം സകലവും കാണുന്നു, അറിയുന്നു.)

7. ഏതു കാര്യവും ശ്രദ്ധിക്കുന്ന പെൺകുട്ടി ആയിരുന്നു. ദാസൻ യജമാനനെപ്പറ്റി പറയുന്ന വാക്കുകൾ കേട്ട് വീട്ടുകാർ വിവാഹത്തിന് അനുവാദം നൽകിയപ്പോൾ തന്റെ ഉറച്ചതീരുമാനവും സത്യസന്ധമായി അവൾ അറിയിച്ചു.---ഉല്പ:(24:51,57-58)

8. വീട്ടുകാരുടെ അനുഗ്രഹാശിസ്സുകളോടെയാണ് ഇവൾ സ്വന്തം വീട്ടിൽ നിന്ന് പുറപ്പെട്ടത്-ഉല്പ(24:59-61)

(ദൈവാനുഗ്രവും, മാതാപിതാക്കളുടെ അനുഗ്രഹവും ലഭിച്ചതിനു ശേഷം കുടുംബജീവിതത്തിനൊരുങ്ങുക)

9.സാഹചര്യം മനസ്സിലാക്കി ബുദ്ധിപരമായി പ്രവർത്തിപ്പാൻ ശ്രദ്ധിച്ചിരുന്നു. വെളിമ്പ്രദേശത്ത് ധ്യാനിപ്പാൻ വന്ന യിസഹാക്കിനെ കണ്ടപ്പോൾ ഒട്ടകപ്പുറത്തു നിന്നും ഇറങ്ങി മൂടുപടം ഇട്ടത് അതുകൊണ്ടാണ്.

(അബ്രഹാം പിതാവാം ദൈവത്തിന്റെയും, യിസഹാക്ക് പുത്രനാം ദൈവത്തിന്റെയും, ദാസനായ എലെയാസർ പരിശുദ്ധാത്മാവിന്റെയും , റിബേക്ക, സഭയുടേയും പ്രതീകമാണ്. മണവാട്ടിയെ കണ്ടെത്തുന്ന ശ്രമകരമായ ജോലി നിശ്ചിതസമയത്തിനുള്ളിൽ പൂർത്തിയാക്കുന്ന പരിശുദ്ധാത്മാവ് പിതൃസന്നിധിയിൽ മടങ്ങിയെത്തും. ഈ കാലയളവാണ് കൃപായുഗം. യിസഹാക്കിന്റെ അടുക്കൽ റിബേക്കയെ എത്തിച്ചതു പോലെ നിർമ്മല കന്യകയായി സഭയാകുന്ന മണവാട്ടിയേയും മണവാളനെ ഏല്പിക്കുവാൻ പരിശുദ്ധാത്മാവ് ശക്തനത്രേ. യിസഹാക്ക് റിബേക്കയെ കൂട്ടികൊണ്ടുപോയതുപോലെ നമ്മുടെ മണവാളനും വരും. നാം നിത്യതയിൽ അവനോടൊപ്പം വസിക്കുകയും ചെയ്യും.)

# റിബേക്കയുടെ പരാജയം

മച്ചി ആയിരുന്ന ഭാര്യയ്ക്കുവേണ്ടി യിസഹാക്ക് പ്രാർത്ഥിച്ചപ്പോൾ പ്രാർത്ഥന കേട്ട ദൈവം രണ്ട് മക്കളെ നൽകി കൂടാതെ മൂത്തവൻ ഇളയവനെ സേവിക്കും എന്ന മുന്നറിയിപ്പും നൽകി.വിഭിന്ന അഭിരുചിയുള്ള  മക്കളെ ഒരുപോലെ സ്നേഹിപ്പാനും ദൈവത്തിനായി വളർത്തുവാനും അവർക്കു കഴിഞ്ഞില്ല. കാട്ടിറച്ചി പ്രീയനായ അപ്പൻ മൂത്തമകനായ ഏശാവിനെ സ്നേഹിച്ചപ്പോൾ , ദൈവീക തിരഞ്ഞെടുപ്പുള്ളവനെ അമ്മ സ്നേഹിച്ചു. മകനുവേണ്ടി ചതിവും , വഞ്ചനയും ചെയ്ത സ്വന്തം അമ്മ കണ്ണുകാണാത്ത ഭർത്താവിനേയും ,മൂത്തമകനെയും ചതിച്ച് , ചതിയുടെ ഉസ്താദായ ലാബാന്റെ അടുക്കൽ യാക്കോബിനെ എത്തിച്ചതും അമ്മ തന്നെയാണ്. ഒരു വടിയോടുകൂടെ മാത്രം യോർദ്ദാൻ കടന്ന മകനെ അമ്മ പിന്നെ കണ്ടിട്ടില്ല. അവൾ ചെയ്ത പ്രവർത്തിയുടെ തിക്തഫലം അനുഭവിച്ച് പുത്രദു:ഖം അനുഭവിച്ച് ദീർഘനാൾ ജീവിച്ചു. ഈ ദു:ഖം തന്നെയാവാം അവളുടെ മരണത്തിനും കാരണമായത്. പൂർവ്വ മാതാപിതാക്കളെ അടക്കിയസ്ഥലത്ത് റിബേക്കയേയും അടക്കി. നല്ല തുടക്കം പക്ഷേ ഒടുക്കം പരാജയവും. സഹോദരിമാരെ തുടക്കത്തേക്കാൾ ആത്മീയമായി വളരുന്നവരായി നിങ്ങൾ മാറുവാൻ ദൈവം സഹായിക്കട്ടെ

Read - ഉല്പ:(49:29-31)

Santhamma Varghese